©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂലൈ 31<br>31st July 2018<br>1193 കർക്കടകം 15<br>15th Karkadakam 1193<br>1940 ശ്രാവണം 9<br>9th Sravana 1940 | നമ്പർ<br>No. 31 |

## PART III

# Industries Department

ദർഘാസ്/ലേലപ്പരസ്യം

നമ്പർ ഇ-1994/2017. 2018 ജൂലൈ 13.

പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കോമ്പൗണ്ടിനകത്തെ രണ്ട് തേക്ക് മരങ്ങളും പുറക് വശത്തുള്ള ഏഴ് തേക്ക് മരങ്ങളുടെ ചില്ലകളും 2018 ആഗസ്റ്റ് മാസം 2-ാം തീയതി രാവിലെ 11 മണിക്ക് താഴെ കാണിച്ചിരിക്കുന്ന ലേല നിബന്ധനകൾക്ക് വിധേയമായും നിൽപുമരങ്ങൾ മുറിച്ച് ശേഖരിച്ച് കൊണ്ടുപോകുന്നതിനായി ലേലത്തിൽ/ദർഘാസിൽ പാലക്കാട് ജില്ലാ വ്യവസായകേന്ദ്രം ഓഫീസ് മീറ്റിംഗ് ഹാളിൽ വച്ച് പരസ്യമായി വിൽക്കുന്നതാണ്.

ലേല/ദർഘാസ് നിബന്ധനകൾ

1. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ദർഘാസ്/ലേലത്തിന് മുമ്പ് ` 10,000 നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. വിജയിക്കുന്ന ദർഘാസുകാരൻ/ലേലക്കാരൻ ദർഘാസ്/ലേല തുകയുടെ 50% തുക കെട്ടിവയ്ക്കേണ്ടതാണ്. വിജയിയായ ദർഘാസുകാരൻ/ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ള തുമായ ജി. എസ്. ടി., വനവികസന നികുതി എന്നിവ യഥാസമയം അടയ്ക്കേണ്ടതാണ്. ദർഘാസ്/ലേലദിവസം പൊതു അവധിയായി വന്നാലോ മറ്റേതെങ്കിലും കാരണത്താലോ ദർഘാസ്/ലേലം നടത്താൻ കഴിയാതെ വന്നാൽ ടി ദർഘാസ്/ലേലം അടുത്ത പ്രവർത്തി ദിവസം പ്രസ്തുത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതായിരിക്കും.
2. ടെണ്ടർ/ലേലം ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്.
3. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ഉല്പന്നങ്ങളുടെ നിൽപ് കണ്ട് ബോദ്ധ്യപ്പെടേണ്ടതും അവ സംബന്ധിച്ച യാതൊരു പരാതികളും ലേലം നടന്നതിനുശേഷം പരിഗണിക്കപ്പെടുന്നതുമല്ല.

4. ദർഘാസുകാരൻ/ലേലക്കാരൻ നേരിട്ട് ദർഘാസ്/ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. നിയമപരമായ പവർ ഓഫ് അറ്റോർണി ഇല്ലാത്ത പകരക്കാരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

5. ഇൻകം ടാക്സ്, പാൻകാർഡ്, ജി. എസ്. റ്റി. രജിസ്ട്രേഷൻ എന്നിവ കൈവശമില്ലാത്ത ആരെയും ദർഘാസിൽ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

6. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ വിലാസവും കയ്യൊപ്പും വെള്ളക്കടലാസിൽ രേഖപ്പെടുത്തി തിരിച്ചറിയൽ രേഖയോടുകൂടി നിരതദ്രവ്യത്തോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. ദർഘാസ്/ലേലത്തിൽ 7 ദിവസങ്ങൾക്കുശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകളും പരാതികളും പരിഗണിക്കുന്നതല്ല.

8. കൂടുതൽ തുകയ്ക്ക് ദർഘാസ്/ലേലം കൊള്ളുന്ന ആൾ മൊത്തം ലേലത്തുകയുടെ 50% ലേലം കഴിഞ്ഞാലുടൻ ഒടുക്കേണ്ടതാണ്. ടി തുക ഒരു ലക്ഷത്തിൽ കൂടുതലാണെങ്കിൽ ബാക്കി തുക 7 പ്രവൃത്തി ദിവസത്തിനകം ഈ ഓഫീസിൽ നിന്നും നൽകുന്ന മേലൊപ്പിട്ട ചെലാൻ മുഖാന്തിരം പാലക്കാട് ജില്ലാ ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ലേലവസ്തുക്കൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

9. ദർഘാസ്/ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത സ്ഥലത്തെ പട്ടികയിൽ സൂചിപ്പിച്ച മരങ്ങൾക്ക് മാത്രം അവകാശമുള്ളതും മറ്റു മരങ്ങൾക്ക് അവകാശമില്ലാത്തതുമാകുന്നു.

10. വിജയിയായ ദർഘാസ്/ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ജി. എസ്. ടി., വനവികസന നികുതി എന്നിവ അടയ്ക്കേണ്ടതാണ്.

11. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം മരങ്ങൾ സ്ഥലത്തുനിന്ന് നീക്കം ചെയ്യേണ്ടതാണ്.

12. ലേലം സംബന്ധിച്ച എല്ലാ പൊതു നിബന്ധനകളും ഈ ദർഘാസ്/ലേലത്തിനും ബാധകമായിരിക്കും.

മതിപ്പുവില—` 1,11,000.

ലേലസമയവും തീയതിയും സ്ഥലവും—2-8-2018 രാവിലെ 11 മണി, പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ഓഫീസ് മീറ്റിംഗ് ഹാൾ, സിവിൽ സ്റ്റേഷന് പുറകുവശം, പാലക്കാട്.

നിരതദ്രവ്യം—` 10,000.

ടെണ്ടർ തുറക്കുന്ന സമയം—ലേലത്തിനുശേഷം.

13. ഏറ്റവും കൂടിയ തുക വിളിച്ച വ്യക്തി ലേല/ദർഘാസ് നിബന്ധന പ്രകാരമുള്ള തുക അടയ്ക്കാത്തപക്ഷം ഏറ്റവും കൂടിയ തുക വിളിച്ച തൊട്ടടുത്ത വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതാണ്. കൂടാതെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമായിരിക്കും.

14. മരം എടുത്തുകൊണ്ട് പോകാനുള്ള ഗതാഗതം, കയറ്റിറക്ക് തുടങ്ങിയ എല്ലാ സംവിധാനങ്ങളും ലേലം സ്ഥിരീകരിച്ച വ്യക്തിയിൽ നിക്ഷിപ്തമാണ്.

15. നിശ്ചയിച്ച ലേലത്തുകയിൽ താഴെ ലേലം വിളിച്ചാൽ ലേലം അസ്ഥിരപ്പെടുന്നതാണ്.

16. മേൽപ്പറഞ്ഞ പൊതുലേലം സ്ഥിരപ്പെടുത്തുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരിൽ നിക്ഷിപ്തമാണ്

പട്ടിക

| ക്രമ നമ്പർ | ഇനം | എണ്ണം | മരം അളവ് (ക്യു. മീ.) |
|---|---|---|---|
| 1 | തേക്ക് മരം | 1 | 0.706 |
| 2 | തേക്ക് മരം | ፡1 | 0.834 |
| 3 | തേക്ക് മരം ചില്ലകൾ മാത്രം | മരത്തിന്റെ ചില്ലകൾ മാത്രം | 0.250 (മെ.ടൺ വിറക്) |
| 4 | തേക്ക് മരം ചില്ലകൾ മാത്രം | മരത്തിന്റെ ചില്ലകൾ മാത്രം | 0.250 (മെ.ടൺ വിറക്) |
| 5 | തേക്ക് മരം ചില്ലകൾ മാത്രം | മരത്തിന്റെ ചില്ലകൾ മാത്രം | 0.250 (മെ.ടൺ വിറക്) |
| 6 | തേക്ക് മരം ചില്ലകൾ മാത്രം | മരത്തിന്റെ ചില്ലകൾ മാത്രം | 0.500 (മെ.ടൺ വിറക്) |
| 7 | തേക്ക് മരം ചില്ലകൾ മാത്രം | മരത്തിന്റെ ചില്ലകൾ മാത്രം | 0.250 (മെ.ടൺ വിറക്) |
| 8 | തേക്ക് മരം ചില്ലകൾ മാത്രം | മരത്തിന്റെ ചില്ലകൾ മാത്രം | 0.500 (മെ.ടൺ വിറക്) |
| 9 | തേക്ക് മരം ചില്ലകൾ മാത്രം | മരത്തിന്റെ ചില്ലകൾ മാത്രം | 0.250 (മെ.ടൺ വിറക്) |

ജനറൽ മാനേജരുടെ ഉത്തരവുപ്രകാരം

(ഒപ്പ്)

ജില്ലാ വ്യവസായ കേന്ദ്രം,
പാലക്കാട്.

സെയിൽസ് ഓഫീസർ,
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.